വാഫി വഫിയ്യ പ്രവേശന പരീക്ഷ:
പരീക്ഷാർത്ഥികൾക്കുള്ള നിർദ്ദേശങ്ങൾ

പരീക്ഷാ സമയം: രാവിലെ 11.00 AM മുതൽ 12.30 PM വരെ വഫിയ്യ എൻട്രൻസ് പരീക്ഷയും 12.40 PM മുതൽ 01.00 PM വരെ വഫിയ്യ പ്രൊഫഷണൽ സ്പെഷ്യൽ ടെസ്റ്റും നടക്കും. ഉച്ചക്ക് 2.00 PM മണി മുതൽ 3.30 PM വരെ വാഫി എൻട്രൻസ് പരീക്ഷയും 3.40 PM മുതൽ 4.00 PM വരെ വാഫി പ്രൊഫഷണൽ സ്പെഷ്യൽ ടെസ്റ്റും നടക്കും.

- **രാവിലെ 10.30 AM മുതൽ 10.50 വരെ പെൺകുട്ടികൾക്കുള്ള ഡെമോ ടെസ്റ്റും 01.30 മുതൽ 01.50 വരെ ആൺകുട്ടികൾക്കുള്ള ഡെമോ ടെസ്റ്റും നടക്കുന്നതാണ്.**
- **പത്താം തരം റിസൾട്ട് പ്രസിദ്ധീകരിക്കാത്ത വിദ്യാർത്ഥികൾക്കുള്ള സ്പെഷ്യൽ വെയ്റ്റേജ് എക്സാമും ഹിഫ്ള് പൂർത്തീകരിച്ചവർക്കുള്ള വെയ്റ്റേജ് എക്സാമും പ്രൊഫഷണൽ പ്രോഗ്രാമിലേക്കുള്ള സ്പെഷ്യൽ ടെസ്റ്റിന് ശേഷം നടക്കുന്നതാണ്.**
- ഹാൾടിക്കറ്റിൽ കളർ ഫോട്ടോ പതിച്ച് വരുന്നവർക്ക് മാത്രമേ പരീക്ഷ എഴുതാൻ അനുവാദമുണ്ടാകൂ.
- പരീക്ഷയുടെ 30 മിനുട്ട് മുമ്പ് പരീക്ഷാ ഹാളിൽ റിപ്പോർട്ട് ചെയ്യേണ്ടതാണ്.
- പരീക്ഷാ സമയം ഒന്നര മണിക്കൂർ ആയിരിക്കും. സമയം അവസാനിക്കുന്നതിനു മുമ്പ് ഹാളിൽ നിന്ന് പുറത്ത് പോകാൻ പാടില്ല.
- Wafyx ആപ്പ് മുഖേന ഓൺലൈനായിട്ടായിരിക്കും പരീക്ഷ നടക്കുക.
- പരീക്ഷക്കു മുമ്പായി Wafyx ആപ്പ് ഇസ്റ്റാൾ ചെയ്യേണ്ടതും ലോഗിൻ ചെയ്ത് പേര് വിവരങ്ങൾ ശരിയാണെന്നു ഉറപ്പു വരുത്തേണ്ടതുമാണ്.
- Wafyx app(Android): https://play.google.com/store/apps/details?id=com.baashaa.cic
- Wafyx x app (iOS) https://apps.apple.com/in/app/wafyx/id1575141666
- Wafyx ആപ്പിന്റെ Username, Password എന്നിവ അപ്ലികേഷനിൽ നൽകിയ ഫോൺ നമ്പറിലേക്ക് SMS അയച്ചിട്ടുണ്ട്.
- Wafyx ഉപയോഗിക്കാൻ സഹായിക്കുന്ന വീഡിയോ ലിങ്ക് : https://i.wafycic.com/WafyXvt
- പ്രവേശന പരീക്ഷയിൽ എന്തെങ്കിലും കൃത്രിമം ബോധ്യപ്പെട്ടാൽ പ്രവേശനത്തിന് ഒരു നിലക്കും അർഹതയുണ്ടായിരിക്കുന്നതല്ല.
- ഓൺലൈൻ പരീക്ഷക്കായി പരീക്ഷ സമയം കഴിയുന്നത് വരെ നെറ്റ് കണക്ഷൻ, ചാർജ് എന്നിവയുള്ള മൊബൈൽ/ ടാബ് അപേക്ഷാർത്ഥി കൊണ്ടുവരേണ്ടതാണ്. ആവശ്യക്കാർക്ക് പവർ ബാങ്ക് കയ്യിൽ കരുതാവുന്നതാണ്.

- പരീക്ഷ അറ്റൻഡ് ചെയ്യ കൊണ്ടിരിക്കെ മറ്റു ആപ്ലിക്കേഷനുകൾ തുറക്കുക, ബാക് ബട്ടൺ അമർത്തുക, മിനിമൈസ് ചെയ്യുക, കോൾ അറ്റന്റ് ചെയ്യുക തുടങ്ങിയ കാര്യങ്ങൾ ചെയ്താൽ പരീക്ഷ ഓട്ടോമാറ്റിക്കായി സബ്മിറ്റ് ആകുന്നതാണ്. പിന്നീട് പരീക്ഷ തുടരാൻ സാധിക്കില്ല.
- ഓൺലൈൻ പരീക്ഷാ സമയത്ത് മറ്റു ടാബുകൾ, വിൻഡോകൾ, ആപ്പുകൾ തുടങ്ങിയവ ഓപ്പൺ ചെയ്യുന്നത് പരീക്ഷയിലെ കൃത്രിമമായി കണക്കാക്കപ്പെടുന്നതാണ്. പരീക്ഷക്ക് ഉപയോഗിക്കുന്ന മൊബൈൽ ഫോൺ സൈലന്റ് മോഡിൽ ആയിരിക്കേണ്ടതാണ്. കോളുകൾ, മെസ്സേജുകൾ തുടങ്ങിയവ അറ്റന്റ് ചെയ്യാൻ പാടുള്ളതല്ല.
- പരീക്ഷക്കിടയിൽ ആൾമാറാട്ടം പോലോത്ത ക്രമക്കേടുകൾ നടത്തിയാൽ പരീക്ഷാർത്ഥി അയോഗ്യനാക്കപ്പെടുന്നതാണ്.
- വാലറ്റ്, ബാഗ്, ഇലക്ട്രോണിക് ഉപകരണങ്ങൾ, ഡിജിറ്റൽ വാച്ചുകൾ മുതലായവ പരീക്ഷ ഹാളിന് പുറത്ത് സ്വന്തം ഉത്തരവാദിത്വത്തിൽ സൂക്ഷിക്കേണ്ടതാണ്.
- പരീക്ഷാഹാളിൽ പ്രവേശിപ്പിക്കാൻ അനുവാദം ഉണ്ടായിരിക്കുന്നതല്ല.
- പരീക്ഷാഹാളിൽ ഭക്ഷ്യവസ്തുക്കൾ ഉപയോഗിക്കാൻ പാടില്ല. വാട്ടർ ബോട്ടിൽ കയ്യിൽ കരുതാവുന്നതാണ്.
- പരീക്ഷ ഇൻസ്പെക്ടർസിനോടും സൂപ്പർവൈസേഴ്സിനോടും അപമര്യാദയായി പെരുമാറുന്നതും അവരുടെ നിർദ്ദേശങ്ങൾ അനുസരിക്കാത്തതും ഗുരുതര ക്രമക്കേടായി കണക്കാക്കുന്നതും അയോഗ്യരാക്കൽ ഉൾപ്പെടെയുള്ള നടപടികൾ സ്വീകരിക്കുന്നതുമാണ്.
- പരീക്ഷാർത്ഥികളുടെ അശ്രദ്ധമൂലം സംഭവിക്കുന്ന പിഴവുകൾക്ക് സി.ഐ.സി ഉത്തരവാദിയാകുന്നതല്ല.